പത്രക്കുറിപ്പ്
06-01-2018

## ആദിവാസികൾക്കിടയിൽ കരുത്താർജ്ജിച്ച് കുടുംബശ്രീ, 106162 കുടുംബങ്ങൾ അയൽക്കൂട്ട അംഗങ്ങൾ

തിരുവനന്തപുരം: കേരളത്തിലെ ആദിവാസി മേഖലയിലും കുടുംബശ്രീ സംവിധാനം കരുത്താർജ്ജിക്കുന്നു. കേരളത്തിലാകെയുള്ള 127987 ആദിവാസി കുടുംബങ്ങളിൽ 106162 കുടുംബങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ സജീവ അംഗങ്ങളാണ്. 14 ജില്ലകളിൽ കുടുംബശ്രീ നടത്തിയ ട്രൈബൽ സർവ്വേ അനുസരിച്ച് ആദിവാസി മേഖലയിൽ 5962 അയൽക്കൂട്ടങ്ങൾ സജീവമായി പ്രവർത്തിക്കുന്നുവെന്നും കണ്ടെത്തി. കേരളത്തിലാകെ 5484 ആദിവാസി ഊരുകളിലായി 454302 പേരാണ് അധിവസിക്കുന്നത്. സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിന്റെ പ്രത്യേക ആവശ്യങ്ങളും പ്രശ്നങ്ങളും ചിട്ടയായ രീതിയിൽ അഭിമുഖീകരിക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പുമായി സഹകരിച്ചാണ് കുടുംബശ്രീ ആദിവാസി പ്രത്യേക ഉപജീവന പദ്ധതിക്ക് 2007ൽ തുടക്കമിട്ടത്.

ഏറ്റവും കുടുതൽ ആദിവാസി അയൽക്കൂട്ടങ്ങളുള്ള ജില്ല വയനാടാണ്. 1612 അയൽക്കൂട്ടങ്ങളിലായി വയനാട്ടിൽ 27135 കുടുംബശ്രീ അംഗങ്ങളുണ്ട്. കാസർഗോഡ് 718 ആദിവാസി അയൽക്കൂട്ടങ്ങളിൽ 15850 അംഗങ്ങളും ഇടുക്കിയിൽ 715 അയൽക്കൂട്ടങ്ങളിലായി 13687 അംഗങ്ങളുമാണുള്ളത്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കുറവ് ആദിവാസികളുള്ളത്. ആകെ 859 കുടുംബങ്ങൾ. ഇവിടെ 3 ആദിവാസി അയൽക്കൂട്ടങ്ങളാണുള്ളത്. 42 അംഗങ്ങളും.

വരും വർഷങ്ങളിൽ ആദിവാസി മേഖലയിലെ ഉപജീവന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം . ഇതിനായി കുടുംബശ്രീയുടെ തന്നെ മുഖമുദ്രയായി മാറിക്കഴിഞ്ഞിരിക്കുന്ന സൂക്ഷ്മ സംരംഭങ്ങൾ ആദിവാസി മേഖലയിൽ ആരംഭിച്ച് അവരെ സ്വന്തം കാലിൽ നിർത്താൻ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ തുടരും. കൈത്തറി, കരകൗശല, ടെയ്ലറിങ് യൂണിറ്റുകൾ അടക്ക മുള്ള നിരവധി സൂക്ഷ്മ സംരംഭങ്ങൾ വിവിധ ജില്ലകളിലെ ആദിവാസി അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ആരംഭിക്കും.

സർക്കാർ, സർക്കാരിത വകുപ്പുകളുടെ സംയോജനം വഴിയാണ് ആദിവാസി പ്രത്യേക പദ്ധതി കുടുംബശ്രീ നടപ്പാക്കുന്നത്. തുടക്കത്തിൽ ഇടുക്കി, വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പത്ത് പഞ്ചായത്തുകളിലായാണ് പദ്ധതി നടപ്പാക്കിയത്. പിന്നാലെ രണ്ടാം ഘട്ടമായി ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട പത്ത് പഞ്ചായത്തുകളി ൽ വീതവും പദ്ധതി നടപ്പാക്കി. മൂന്നാം ഘട്ടത്തിൽ ആദിവാസികൾ വസിക്കുന്ന എല്ലാ പഞ്ചായത്തുകളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു.

അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിൽ സമൂലമായ മാറ്റങ്ങൾ വരുത്തുന്നതിനായി അട്ടപ്പാടി പ്രത്യേക പദ്ധതി 2013 മുതൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നുണ്ട്. ഇത് കൂടാതെ ഇടമലക്കുടി പോലുള്ള പ്രദേശങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്ന പ്രൊജക്ടുകളും കുടുംബശ്രീയുടെ ആദിവാസി കേന്ദ്രീകൃത പദ്ധതികളിൽ പ്രധാനം. കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള രണ്ടാമത്തെ ജില്ലയായ ഇടുക്കിയിൽ കുടുംബശ്രീ ട്രൈബൽ ഔട്ട്ലെറ്റുകൾക്കും തുടക്കമിട്ടിരുന്നു. വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്ന ആദിവാസികളെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനും കഷ്ടപ്പാടിന് ഉതകുന്ന പ്രതിഫലം ഉറപ്പാക്കുന്നതിനുമായാണ് കഞ്ഞിക്കുഴി, അടിമാലി പഞ്ചായത്തുകളിൽ വനവിഭവ ശേഖരണ-വിൽപ്പന യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്. ഇത് കൂടാതെ ആദിവാസികളെ പരമ്പരാഗത കൃഷി രീതിയിലേക്ക് നയിക്കുന്ന സംഘകൃഷി പിഎസ്സി പരിശീലനം തുടങ്ങിയവയും ആദിവാസി പ്രത്യേക ഉപജീവന പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ